വൈദ്യുതി ചാർജ് വർദ്ധനവ്

92 (3493)ശ്രീ. കെ. മുഹമ്മദാലി :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ പ്രാവശ്യവും വൈദ്യുതി ചാർജ് എത്രവീതം വർദ്ധിപ്പിച്ചു എന്ന് പറയുമോ;

(ബി) നിലവിലുള്ള ഗവൺമെന്റ് അധികാരമേറ്റെടുക്കുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ വൈദ്യുതി ചാർജിൽ ഇപ്പോൾ എത്ര ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) രണ്ടു പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. 1/2/97-ലും 15/5/99-ലും. വർദ്ധിപ്പിച്ച താരിഫ് നിരക്ക് സംബന്ധിച്ച ഉത്തരവുകൾ അനുബന്ധമായി+ വച്ചിട്ടുണ്ട്.

(ബി) വിവിധ വിഭാഗങ്ങൾക്ക് വ്യത്യസ്ഥമായ രീതിയിലാണ് ചാർജ് വർദ്ധന നിലവിൽ വന്നിട്ടുള്ളത്. ഇതു സംബന്ധമായ ഉത്തരവുകൾ അനുബന്ധമായി+വച്ചിട്ടുണ്ട്.

കേടായിട്ടുള്ള ടർബൈനുകൾ

93 (3494)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി.കെ. അബ്ദു റബ്ബ് :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ടർബൈനുകൾ കേടായിട്ടുള്ളവയുടെ എണ്ണം എത്ര; അവ എവിടെയെല്ലാം;

(ബി) ഇതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരെണ്ണം. ഇടമലയാർ പവർഹൗസിലെ 37.5 മെഗാവാട്ടിന്റെ ജനറേറ്റർ ടർബൈൻ.

(ബി) ഇതുമൂലം അണക്കെട്ടിലെ ജലം നഷ്ടപ്പെട്ടിട്ടില്ല. ആയതിനാൽ ഉൽപ്പാദന നഷ്ടം ഉണ്ടായിട്ടില്ല.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly